# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂൺ 20, വ്യാഴം

**നമ്പർ 136**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2024 ഫെബ്രുവരി 2- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1891- ാം നമ്പർ ചോദ്യത്തിനുള്ള തിരുത്തൽ വരുത്തിയ മറുപടി ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ മേശപ്പുറത്തുവച്ചു.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം :

സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക ആയതുമൂലം ജനങ്ങൾ ദുരിതത്തിലായതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിറുത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

KNPP. 726/2024 (i).

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

(1) വന്ദേഭാരത് എക്സ്പ്രസ്സിന്റെ സമയക്രമം പാലിക്കുന്നതിനായി പല ട്രെയിനുകളും വഴിതിരിച്ചുവിടുന്നതുമൂലമുള്ള യാത്രാക്ലേശം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. മമ്മിക്കുട്ടി ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ സുനാമിബാധിതരെ പുനരധിവസിപ്പിച്ചിരിക്കുന്ന നഗറുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് ജനജീവിതം സുഗമമാക്കുന്ന തിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. ആർ. മഹേഷ് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ആലപ്പുഴയിലെ നെൽകർഷകർക്കുള്ള സപ്ലൈക്കോയുടെ കുടിശ്ശിക തീർക്കുന്നതിന് നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. കെ. രാമചന്ദ്രൻ | കല്ലൂർ വട്ടക്കോട്ട്മല പ്രദേശത്തെ പട്ടയ ഉടമകൾക്ക് R.O.R. തുടർന്നും ലഭ്യമാക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ജെ. മാക്സി | കൊച്ചി കായലിലെ എക്കൽമണ്ണ് നീക്കം ചെയ്യുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | കോണോത്തുപുഴ പുനരുജ്ജീവനം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി. അനിൽ കുമാർ | അത്താണിക്കലിലെ ബിവറേജസ് ഔട്ട്ലെറ്റ് മാറ്റിസ്ഥാപിക്കൽ | തദ്ദേശ സ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 6 | ശ്രീ. ടി. വി. ഇബ്രാഹിം | പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കഴിഞ്ഞ വർഷം ലാപ്സായ തുക ഈ വർഷം ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി | തദ്ദേശ സ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 7 | ശ്രീ. പി.ടി.എ. റഹീം | മാവൂർ എൻ.ഐ.ടി. - കൊടുവള്ളി റോഡ് നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 8 | ശ്രീമതി കാനത്തിൽ ജമീല | നാഷണൽ ഹൈവേ 66-കൊയിലാണ്ടി റീച്ചിന്റെ പൂർത്തീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. എച്ച്. സലാം | ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീമതി ഉമ തോമസ് | കാക്കനാട് ഡി.എൽ.എഫ്. ഫ്ലാറ്റ് നിവാസികൾക്ക് കുടിവെള്ളത്തിൽനിന്ന് രോഗബാധ | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

<u>റിപ്പോർട്ട് സമർപ്പണം</u> :

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

726/24(1)

ധനകാര്യം :

## 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായങ്ങൾ എന്ന XXXVII- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന ഉപക്ഷേപം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന ഉപക്ഷേപം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് മേശപ്പുറത്തു വച്ചു.

XXXVII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 5, 7, 8, 11, 12, 13, 14, 25, 26, 28, 29, 32, 33, 34, 36, 37, 38, 39, 41, 44, 48, 49 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XLVI- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 6, 9, 10, 11, 12, 14, 15, 16, 17, 23, 24, 25, 26, 28, 30, 31, 33, 35, 36, 38, 39, 41 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. വി. ശശി

ശ്രീ. യു. എ. ലത്തീഫ്

ഡോ. എൻ. ജയരാജ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. ആന്റണി ജോൺ

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. പി.ടി.എ. റഹിം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എച്ച്. സലാം

ഡോ. മാത്യു കുഴൽനാടൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും മറുപടി നൽകി. തുടർന്ന് അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളുകയും ധനാഭ്യർത്ഥനകൾ XXXVII, XLVI എന്നിവ പാസ്സാക്കുകയും ചെയ്തു.

2024 ജൂൺ 21-ാം തീയതി, വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.23 - ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, June 20, 2024*

**No. 136**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Three Question in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question :*

Statement correcting answer and the Corrected answer to Unstarred question No. 1891 dated 2nd February 2024 of Tenth session of Fifteenth Kerala Legislative Assembly was laid on the Table by Shri K. B. Ganesh Kumar, Minister for Transport.

*Adjournment Motion :*

After hearing the Minister for Finance the Speaker withheld consent to the moving of an adjournment motion given notice of by Shri P. C. Vishnunadh and five other Members regarding the situation reported to have arisen consequent to the concern among the people due to arrears in Social Security Pension.

As a mark of protest against the attitude of the Government on the Adjournment Motion, the Members belong to opposition staged a walkout.

KNPP. 726/2024 (ii).

*Calling Attention :*

1. Shri P. Mammikutty called the attention of the Minister for Minority Welfare, Sports, Wakf and Hajj Pilgrimage to the necessity to bring to the notice of the Central Government about the hardships faced by the Commuters due to the diversions of many other trains in order to maintain the time schedule of Vande Bharat Express. The Minister made a statement thereto.

2. Shri. C. R. Mahesh called the attention of the Minister for Revenue and Housing to the necessity to take steps to resolve the miserable condition of Tsunami Rehabilitation Nagars and to improve the living condition of the people. The Minister made a statement thereto.

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ആലപ്പുഴയിലെ നെൽകർഷകർക്കുള്ള സപ്ലൈകോയുടെ കുടിശ്ശിക തീർക്കുന്നതിന് നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. കെ. രാമചന്ദ്രൻ | കല്ലൂർ വട്ടക്കോട്ട്മല പ്രദേശത്തെ പട്ടയ ഉടമകൾക്ക് R.O.R. തുടർന്നും ലഭ്യമാക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ജെ. മാക്സി | കൊച്ചി കായലിലെ എക്കൽമണ്ണ് നീക്കം ചെയ്യുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | കോണോത്തുപുഴ പുനരുജ്ജീവനം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി. അനിൽകുമാർ | അത്താണിക്കലിലെ ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കൽ | തദ്ദേശ സ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 6 | ശ്രീ. ടി. വി. ഇബ്രാഹിം | പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കഴിഞ്ഞ വർഷം ലാപ്സായ തുക ഈ വർഷം ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി | തദ്ദേശ സ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 7 | ശ്രീ. പി.ടി.എ. റഹീം | മാവൂർ എൻ.ഐ.ടി. - കൊടുവള്ളി റോഡ് നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 8 | ശ്രീമതി കാനത്തിൽ ജമീല | നാഷണൽ ഹൈവേ 66-കൊയിലാണ്ടി റീച്ചിന്റെ പൂർത്തീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. എച്ച്. സലാം | ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീമതി ഉമ തോമസ് | കാക്കനാട് ഡി.എൽ.എഫ്. ഫ്ലാറ്റ് നിവാസികൾക്ക് കുടിവെള്ളത്തിൽനിന്ന് രോഗബാധ | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

*Presentation of Report :*

The Twelfth Report of the Committee on Private Members' Bills and Resolution was presented.

726/24 (11)

*Financial Business :*

## *Discussion and Voting on Demands for Grants in the Budget for the financial year 2024-25*

Shri P. Rajeeve, Minister for Law, Industries and Coir moved Demand No. XXXVII—Industries and DR. R. Bindu, Minister for Higher Education and Social Justice moved Demand No. XLVI— Social Security and Welfare for the amounts shown respectively against them under column No. 7 in the list of Demands for Grants.

Smt. Veena George, Minister for Health and Woman and Child Development on behalf of Minister for Finance laid on the table statements under Rule 236 (3) relating to Demand Nos. XXXVII and XLVI.

The cut motion Nos. 1, 2, 3, 5, 7, 8, 11, 12, 13, 14, 25, 26, 28, 29, 32, 33, 34, 36, 37, 38, 39, 41, 44, 48, 49 in the list of cut motions for Demand No. XXXVII and cut motion Nos. 1, 2, 3, 4, 6, 9, 10, 11, 12, 14, 15, 16, 17, 23, 24, 25, 26, 28, 30, 31, 33, 35, 36, 38, 39, 41 in the list of cut motions for Demand No. XLVI were moved.

The following members took part in the discussion:

Shri I. B. Satheesh

Shri Chandy Oommen

Shri V. Sasi

Shri U. A. Lathif

DR. N. Jayaraj

Shri Anoop Jacob

Shri P. Mammikutty

Shri Antony John

Shri Murali Perunelly

Shri Eldose P. Kunnappillil

Shri P. T. A. Rahim

Shri Xavier Chittilappilly

Shri Ahammad Devarkovil

Shri Najeeb Kanthapuram

Shri C. C. Mukundhan

Shri H. Salam

Dr. Mathew Kuzhalnadan.

Shri P. Rajeeve, the Minister for Law, Industries and Coir and Dr. R. Bindu, Minister for Higher Education and Social Justice replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXXVII and XLVI were passed.

The House adjourned at 4.23 p.m. to meet again at 9.00 a.m on Friday, June 21, 2024.

Dr. N. Krishna Kumar,
*Secretary.*